ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ്) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

**നമ്പർ. ഇ4/565/2019/മെ.വി.വ.** **തീയതി: 21/04/2020**

## പരിപത്രം

വിഷയം: മെ.വി.വ - ജീവനക്കാര്യം - ജൂനിയർ ലാബ് അസിസ്റ്റന്റ് - തസ്തിക മാറ്റനിയമനം - **16.05.2011** തീയതിക്ക് മുമ്പ് സർവീസിൽ പ്രവേശിച്ച ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച് :

പരാമർശം:
1. സ.ഉ.(കൈ) നം. 80/1994/ആ.കു.വ. തീയതി. 06.04.1994.
2. ഒ.എ നം. 2021/2018 ന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 27.11.2019 ൽ പുറപ്പെടുവിച്ച വിധി.
3. സ.ഉ.(കൈ) നം. 455/2020/ആ.കു.വ. തീയതി. 01.03.2020.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ, നടപ്പ് കലണ്ടർ വർഷത്തിൽ **01.03.2020** ന ശേഷം ഉണ്ടാകാവുന്ന/പ്രതീക്ഷിക്കപ്പെടാവുന്ന ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളിലേക്ക് പരാമർശത്തിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന യോഗ്യതയുള്ള, **16.05.2011** തീയതിക്ക് മുമ്പ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ സർവീസിൽ പ്രവേശിച്ചതും **16.05.2011** തീയതിക്ക് മുമ്പ് നിരീക്ഷണകാലം പൂർത്തീകരിക്കപ്പെട്ടതുമായ ഈ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവീസിലുള്ള ജീവനക്കാരിൽ നിന്നും തസ്തിക മാറ്റ നിയമനത്തിനായി നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ ക്ഷണിക്കുന്നു.

**യോഗ്യത:-**

- **Pass in S.S.L.C or equivalent examination.**
- **Laboratory experience for one year from any of the clinical laboratories attached to Government Hospitals/Laboratories attached to the Collegiate hospitals/Colleges under Medical Education Services.**

പ്രസ്തുത അപേക്ഷ മതിയായ രേഖകൾ സഹിതം **25.05.2020** തീയതിക്ക് മുമ്പായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ മുഖേന മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം യോഗ്യത, പ്രവൃത്തിപരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവീസിൽ പ്രവേശിച്ച

തീയതി തെളിയിക്കുന്ന രേഖ, നിരീക്ഷണകാലം പൂർത്തീകരിച്ച ഉത്തരവ്, പ്രവൃത്തി പരിചയ സാക്ഷ്യപത്രം എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. നിശ്ചിത തീയതിക്കകം ലഭിക്കാത്തതും നിർദ്ദിഷ്ട മാതൃകയിലല്ലാത്തതും പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ലാത്തതും മേൽ പരാമർശിച്ചിട്ടുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടില്ലാത്തതും ഉചിതമാർഗ്ഗേണയല്ലാതെ നേരിട്ട് സമർപ്പിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. തെറ്റായ വിവരങ്ങൾ നൽകാൻ പാടില്ലാത്തതും അത്തരത്തിൽ നിയമനം നേടിയതായി പിന്നീട് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത തസ്തികയിൽ നിന്നും ഒഴിവാക്കുകയും ഉടർ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ഈ സർക്കുലർ എല്ലാ പ്രിൻസിപ്പാൾമാരും അവരുടെ കീഴിലെ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും ബന്ധപ്പെട്ട ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ അതാത് വകുപ്പ് മേധാവികൾ മുഖേന സമയബന്ധിതമായി അറിയിക്കേണ്ടതുമാണ്. ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തി **25.05.2020** തീയതിക്ക് മുമ്പായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. വൈകി ലഭിക്കുന്നതും നേരിട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കുന്നതും ഈ പരിപത്രത്തിന്റെ തീയതിക്ക് മുമ്പ് ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ളതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

വിശ്വസ്തതയോടെ,
**MANGALAM M.K**
**JOINT DIRECTOR (GENERAL)**

പകർപ്പ്:
1. പ്രിൻസിപ്പാൾ,
ഗവ.മെഡിക്കൽ കോളേജ്/ ഗവ.ദന്തൽ കോളേജ്/ ഗവ.നഴ്സിംഗ് കോളേജ്
തിരുവനന്തപുരം/കോട്ടയം/ആലപ്പുഴ/തൃശ്ശൂർ/കോഴിക്കോട്/പാരിപ്പള്ളി/കോന്നി/
എറണാകുളം/ഇടുക്കി/മഞ്ചേരി.
2. ഡയറക്ടർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി, തിരുവനന്തപുരം
3. ഡി.എം.ഇ/ ജെ.ഡി.എം.ഇ (എം/ജി )/ജെ.ഡി.എൻ.ഇ/എ.ഒ/എഫ്.ഒ
എന്നിവർക്കു സി.എ മുഖേന.
4. സെക്ഷൻ സൂപ്രണ്ട്, മെ.വി.കാ (A, B, C, D, E, F, G, H, J, K, P, DPC, NC, Par amedical Block)
5. ഡി.എം.ഇ വെബ് സൈറ്റ്/ഓഫീസ് കോപ്പി/കരുതൽ/e-Office.

GO(Ms) No. 80/1994/H&FWD, dated 06.04.1994 പ്രകാരം തസ്തികമാറ്റം മുഖേന ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനായി അപേക്ഷിക്കുന്നതിനുള്ള പ്രൊഫോർമ.

| | |
|---|---|
| പേര് | |
| തസ്തിക | |
| ജനന തീയതി | |
| സർക്കാർ സർവീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രവേശിച്ച തീയതി | |
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രവേശിച്ച തീയതി, ഉത്തരവ് നമ്പർ. | |
| നിയമനം ക്രമപ്പെടുത്തിയ തീയതി, ഉത്തരവ് നമ്പർ. | |
| നിരീക്ഷണ കാലം പൂർത്തീകരിച്ച തീയതി, ഉത്തരവ് നമ്പർ. | |
| അയോഗ്യകാലം (ശൂന്യ വേതനവധി, അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കൽ തുടങ്ങിയവ) | |
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവീസിലെ ആകെ യോഗ്യകാലം(16.05.2011വരെ) | |
| വിദ്യാഭ്യാസ യോഗ്യത | |
| പ്രവൃത്തി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (കാലയളവ്, വകുപ്പ്, സർട്ടിഫിക്കറ്റ് തീയതി) | |
| അടിസ്ഥാന ശമ്പളം & ശമ്പള സ്കെയിൽ | |
| അച്ചടക്ക നടപടി എന്തെങ്കിലും നേരിടുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശം. | |

..................................................................................................................(പേര്, തസ്തിക, സ്ഥാപനം) എന്ന ഞാൻ മേൽ പറഞ്ഞ വിവരങ്ങൾ സത്യമാണെന്ന് ബോധിപ്പിക്കുന്നു. മേൽപറഞ്ഞ വിവരങ്ങൾ തെറ്റാണെന്ന് തെളിയുന്ന പക്ഷം എന്നെ മേൽ നിയമനത്തിൽ നിന്നും ഒഴിവാക്കാവുന്നതും തുടർ അച്ചടക്ക നടപടികൾക്ക് വിധേയനാക്കാവുന്നതുമാണ്.

ഒപ്പ്

തീയതി — പേര്

സ്ഥലം — തസ്തിക

**സാക്ഷ്യപത്രം**

മേൽ പ്രസ്താവിച്ച വിവരങ്ങൾ സർവീസ് പുസ്തകം പരിശോധിച്ച് ശരിയാണെന്നു സാക്ഷ്യപ്പെടുത്തുന്നു.

ഓഫീസ് മേലധികാരിയുടെ ഒപ്പ്

പേര്

ഓഫീസ് സീൽ — ഔദ്യോഗിക പേര്